(സി) 108 ആംബുലൻസ് പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനായി ജെ.എസ്.എസ്.കെ. പദ്ധതിയുമായി ബന്ധപ്പെട്ട് കെ.എം.എസ്.സി.എൽ. ടെണ്ടർ ക്ഷണിച്ചിരുന്നു. പ്രസ്തുത ടെണ്ടറിൽ എൽ. 1 ബിഡ്ഡർ ആയ മെ. ജീ.വി.കെ ഇ.എം.ആർ ഐ. ക്വാട്ട് ചെയ്ത തുക 1,44,999 രൂപ ആകയാൽ ടെണ്ടർ കമ്മിറ്റി തുകയായ 1,22,000 രൂപയ്ക്കുവേണ്ടി നെഗോസിയേഷൻ നടത്തിയെങ്കിലും പ്രസ്തുത തുക അംഗീകരിക്കാൻ കമ്പനി വിസമ്മതിച്ചതിനാൽ പദ്ധതി നടത്തിപ്പിനു വേണ്ടി റീടെണ്ടർ നടത്തുവാൻ കെ.എം.എസ്.സി.എൽ.-നോട് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ നടപടികൾ സ്വീകരിച്ചുവരുന്നു.

പേവിഷ വാക്സിൻ

25 (*385) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. സാജു പോൾ :
ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പേവിഷ ബാധ ഏൽക്കുന്നവരുടെ എണ്ണം വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പേവിഷ വാക്സിന്റെ അഭാവംമൂലം സർക്കാർ ആശുപത്രിയിലെത്തുന്ന ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ വിലയിരുത്തിയിട്ടുണ്ടോ ;

(സി) പേവിഷ വാക്സിൻ പര്യാപ്തമായ അളവിൽ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലഭ്യമായ റിപ്പോർട്ടുകൾ പ്രകാരം സംസ്ഥാനത്ത് 2013-ൽ 88,172 പേർക്കാണ് പട്ടികടി ഏറ്റത്. അതിൽ 11 പേർ പേവിഷ ബാധമൂലം മരിച്ചു. 2014-ൽ പട്ടികടി ഏറ്റവരുടെ എണ്ണം 1,19,191 ആയി വർദ്ധിച്ചു. ഇതിൽ 10 പേർ പേവിഷ ബാധമൂലം മരിച്ചു. 2015-ൽ മേയ് അവസാനം വരെ 42,712 പേർക്ക് പട്ടികടി ഏറ്റതിൽ 5 പേർ പേവിഷ ബാധമൂലം മരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സർക്കാർ ആശുപത്രികളിലേയ്ക്ക് ആവശ്യമായ പേവിഷ വാക്സിന്റെയും സിറത്തിന്റെയും സംഭരണവും വിതരണവും നടത്തുന്നത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡാണ്. പേവിഷ വാക്സിൻ, സിറം എന്നിവയുടെ വാർഷിക ഇന്റൻഡ് ജില്ലകളിൽനിന്ന് സമാഹരിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് പേവിഷബാധ ഏൽക്കുന്നവരുടെ എണ്ണം വർദ്ധിച്ച സാഹചര്യത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ പേവിഷ വാക്സിൻ ലഭ്യമല്ലാതായപ്പോൾ എച്ച്.ഡി.എസ്. ഫണ്ട്, മറ്റ് അനുബന്ധ ഫണ്ടുകൾ എന്നിവ വിനിയോഗിച്ച് ആയത് വാങ്ങി വിതരണം ചെയ്യുന്നതിന് സർക്കാർ മെഡിക്കൽ കോളേജുകളിലെ പ്രിൻസിപ്പാൾ/സൂപ്രണ്ടുമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

നിലവിൽ പേവിഷ വാക്സിൻ എല്ലാ സർക്കാർ ആശുപത്രികളിലും ആവശ്യത്തിന് ലഭ്യമാണ്.

പ്ലാച്ചിമട ടൈബ്യൂണൽ

26 (*386) <u>ശ്രീമതി കെ. എസ്. സലീഖ</u> :

<u>ശ്രീ. എം. ചന്ദ്രൻ</u> :

<u>ശ്രീ. വി. ചെന്താമരാക്ഷൻ</u> :

<u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊക്കകോള കമ്പനിയുടെ ജലചൂഷണംമൂലം ദുരിതം നേരിട്ടവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് ടൈബ്യൂണൽ രൂപീകരിക്കാൻ മുൻ സർക്കാരിന്റെ കാലത്ത് നിയമസഭ പാസ്സാക്കി രാഷ്ട്രപതിയുടെ അംഗീകാരത്തിനായി സമർപ്പിച്ച ബില്ലിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ ;

(ബി) പ്രസ്തുത ബില്ലിനെക്കുറിച്ച് രാഷ്ട്രപതി വിശദീകരണം ആവശ്യപ്പെടുകയോ ബിൽ മടക്കി അയയ്ക്കുകയോ ചെയ്തിട്ടുണ്ടോ ;

(സി) പ്രസ്തുത ബില്ലിന് അംഗീകാരം നേടിയെടുക്കുന്നതിനായി ഈ സർക്കാർ ശ്രമിച്ചിട്ടുണ്ടോ ; ഇനി എന്തു ചെയ്യാൻ ഉദ്ദേശിക്കുന്നു ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly